REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-07-2024 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നിതി ആയോഗിന്റെ ഒമ്പതാമത് ഗവേണിങ് കൗൺസിൽ യോഗം അൽപസമയത്തിനകം രാഷ്ട്രപതി ഭവനിൽ ആരംഭിക്കും.**
- **മുൻ രാഷ്ട്രപതി APJ അബ്ദുൾ കലാമിന്റെ ഓർമ്മകൾക്ക് ഇന്ന് ഒമ്പതാണ്ട്.**
- **കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുനായി കര നാവിക സേനകളുടെ തെരച്ചിൽ തുടരുന്നു.**
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടി മൻകി ബാത് നാളെ രാവിലെ 11-ന്
- ഏഷ്യാ കപ്പ് വനിതാ ട്വന്റി- 20 ക്രിക്കറ്റിൽ ഇന്ത്യ- ശ്രീലങ്ക ഫൈനൽ നാളെ.

## വാർത്തകൾ വിശദമായി

**നിതി ആയോഗിന്റെ ഒമ്പതാമത് ഗവേണിങ് കൗൺസിൽ യോഗം അൽപസമയത്തിനകം രാഷ്ട്രപതി ഭവനിൽ ആരംഭിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ രാഷ്ട്രപതി ഭവൻ കൾച്ചറൽ സെന്ററിലാണ് യോഗം. സംസ്ഥാന മുഖ്യമന്ത്രിമാരും മറ്റ് ക്ഷണിതാക്കളും രാഷ്ട്രപതി ഭവനിൽ എത്തിത്തുടങ്ങിയിട്ടുണ്ട്. *'വികസിത്***

*ഭാരത് @ 2047* എന്നതാണ് ഇത്തവണത്തെ യോഗത്തിന്റെ പ്രമേയം. *വികസിത ഭാരത ദർശനരേഖയുടെ സമീപനപത്രം* യോഗം ചർച്ച ചെയ്യും. ഗ്രാമ- നഗര മേഖലകളിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിക്കേണ്ട പങ്കാളിത്തം സംബന്ധിച്ചും കേന്ദ്രവും സംസ്ഥാനങ്ങളും യോഗത്തിൽ ചർച്ച നടത്തും.

മുഖ്യമന്ത്രിമാർ, ലെഫ്റ്റനന്റ് ഗവർണർമാർ, ഔദ്യോഗിക അംഗങ്ങൾ, കേന്ദ്രമന്ത്രിമാർ, നീതി ആയോഗ് വൈസ് ചെയർമാൻ, അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിക്കും.

✪✪✪

മുൻ രാഷ്ട്രപതി APJ അബ്ദുൾ കലാമിന്റെ ഓർമ്മകൾക്ക് ഇന്ന് ഒമ്പതാണ്ട്. സ്വപ്നം കാണാൻ യുവതയോട് ആഹ്വാനം ചെയ്ത, എക്കാലത്തെയും ജനകീയ രാഷ്ട്രപതിയായിരുന്നു അവുൽ പക്കീർ ജൈനുലബ്ദീൻ അബ്ദുൾ കലാം എന്ന ഡോ. APJ അബ്ദുൾ കലാം. ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായിരുന്നു അദ്ദേഹം. മിസൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ പരിഗണിച്ച് മിസൈൽ മാൻ ഓഫ് ഇന്ത്യ എന്നും അദ്ദേഹം അറിയപ്പെട്ടു. മുപ്പതോളം സർവ്വകലാശാലകളിൽ നിന്നും ഓണററി ഡോക്ടറേറ്റ്, രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതികൾ എന്നിങ്ങനെ അദ്ദേഹത്തെ തേടിയെത്തിയ അംഗീകാരങ്ങളും ബഹുമതികളും നിരവധിയാണ്. 2015-ൽ ആയിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

ആഭ്യന്തര മന്ത്രി അമിത് ഷാ ഡോ. APJ അബ്ദുൾ കലാമിന് അദ്ദേഹത്തിന്റെ 9-ാം ചരമ വാർഷിക ദിനത്തിൽ ആദരമർപ്പിച്ചു. ലാളിത്യവും കഠിനാദ്ധ്വാനവും അലിവും കൂടിച്ചേർന്നതായിരുന്നു ഡോ. കലാമിന്റെ ജീവിതമെന്ന് അദ്ദേഹം അനുസ്മരിച്ചു. രാജ്യത്തിന് പ്രചോദനമായ അദ്ദേഹം ജനകീയ രാഷ്ട്രപതിയായിരുന്നുവെന്നും അമിത് ഷാ പറഞ്ഞു.

✪✪✪

CRPF സ്ഥാപക ദിനത്തിൽ ഉദ്യോഗസ്ഥർക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ നേർന്നു. CRPF-ന്റെ അചഞ്ചലമായ അർപ്പണബോധവും രാജ്യത്തിനുവേണ്ടി അക്ഷീണ സേവനവും പ്രശംസനീയമാണെന്നും പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുനായി കര നാവിക സേനകളുടെ തെരച്ചിൽ തുടരുന്നു. മുങ്ങൽ വിദഗ്ധർക്ക് സുരക്ഷിതമായി ഇറങ്ങാൻ ഇപ്പോഴും സാഹചര്യം ഇല്ലെന്നാണ് റിപ്പോർട്ട്. മാൽപ്പെയിൽ നിന്ന് കടൽ രക്ഷാ പ്രവർത്തനത്തിൽ വിദഗ്ധരായ മീൻപിടുത്തക്കാരുടെ സംഘം സംഭവസ്ഥലത്ത് എത്തിയിട്ടുണ്ട്.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്..........

രാവിലെ ഷിരൂരിൽ മന്ത്രിമാരായ P.A മുഹമ്മദ് റിയാസും A.K. ശശീന്ദ്രനും കേരളത്തിൽ നിന്നെത്തിയ ജനപ്രതിനിധികളും രക്ഷാ പ്രവർത്തനങ്ങൾ വിലയിരുത്തി. തെരച്ചിലുമായി ബന്ധപ്പെട്ട് അർജ്ജുന്റെ കുടുംബം ചില ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ടെന്ന് മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. ഈ വിഷയം ഉത്തര കന്നഡ S.P യുമായും ജില്ലാ കലക്ടറുമായും ചർച്ച ചെയ്തു. തെരച്ചിൽ തുടരുന്ന ഗംഗാവലി പുഴയുടെ ഭാഗത്തേയ്ക്ക് എത്തിച്ചേരാൻ അർജ്ജുന്റെ കുടുംബാംഗങ്ങൾക്ക് പാസ് നൽകാൻ കർണാടക ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതോടെ കുടുംബാംഗങ്ങളെ തടയുന്ന സാഹചര്യം ഒഴിവാക്കാനാകും.

നാവികസേനയുടെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുമെന്നും എല്ലാ സംവിധാനങ്ങളും ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. ഈ വിഷയം നേവിയുമായി സംസാരിച്ചിട്ടുണ്ടെന്നും ഫലപ്രദമായ ഇടപെടൽ ഉറപ്പാക്കുമെന്നും റിയാസ് ഉറപ്പു നൽകി.

അർജുനെ ഇന്നോ നാളെയോ കണ്ടെത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷയെന്ന് M.K. രാഘവൻ എം.പി പറഞ്ഞു. അർജുനെ കണ്ടെത്തും വരെ തെരച്ചിൽ തുടരുമെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമപ്രവർത്തകോട് പറഞ്ഞു.

✪✪✪

മാലിന്യമുക്ത നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ വൈകിട്ട്

തിരുവനന്തപുരത്ത് സർവ്വകക്ഷിയോഗം ചേരും. ജനകീയ ക്യാമ്പയിനായി മാലിന്യമുക്ത പരിപാടി ഏറ്റെടുക്കാനാണ് ആലോചിക്കുന്നത്.

✪✪✪

പ്രധാൻമന്ത്രി ഗ്രാം സഡക് യോജന മൂന്നാം ഘട്ടത്തിൽ കേരളത്തിലെ 33 ഗ്രാമീണ റോഡുകൾക്ക് 160 കോടി 56 ലക്ഷം രൂപ അനുവദിച്ചു. 160 കിലോമീറ്ററോളം റോഡുകൾ പദ്ധതിയിൽ നിർമ്മിയ്ക്കും.

✪✪✪

ഏഷ്യൻ ദുരന്ത സജ്ജതാ കേന്ദ്രത്തിന്റെ അധ്യക്ഷ പദവി ഇന്ത്യ ഏറ്റെടുത്തു. ഏഷ്യയിലും പെസഫിക് മേഖലയിലും ദുരന്ത സാധ്യത കുറക്കുന്നതിനും കാലാവസ്ഥ പ്രതിരോധം കെട്ടിപടുക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്വയം ഭരണാധികാര അന്താരാഷ്ട്ര സമിതിയാണ് ഏഷ്യൻ ദുരന്ത സജ്ജതാ കേന്ദ്രം.

✪✪✪

ഗവൺമെന്റ് പ്രഖ്യാപനങ്ങൾ, പദ്ധതികൾ, തൊഴിലവസരങ്ങൾ, നൈപുണ്യം, എന്നിവ സംബന്ധിച്ച പുതിയ സംരംഭങ്ങൾ ലളിതമായി വിശദീകരിക്കാൻ ലക്ഷ്യമിടുന്ന ‘ബജറ്റ് 2024 ബ്ലൂപ്രിന്റ്’ പ്രധാനമന്ത്രി നരേന്ദ്ര മോദി NaMo ആപ്പിൽ പങ്കിട്ടു. പുതിയ എംപ്ലോയ്മെന്റ് ലിങ്ക്ഡ് ഇൻസെന്റീവ് സ്കീമുകൾ ഉപയോഗിച്ച് തൊഴിലവസര സൃഷ്ടി, തൊഴിൽ സേന രൂപീകരണം, തൊഴിൽ ദാതാക്കളുടെ

ശാക്തീകരണം എന്നിവയാണ് ബജറ്റ് 2024 ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി സാമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും പ്രക്ഷേപണം ചെയ്യും.

മൻ കി ബാത്തിന്റെ 112-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. പ്രധാന പ്രക്ഷേപണത്തിന് ശേഷം പരിപാടിയുടെ പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കും.

✪✪✪

ഒളിമ്പിക്സിൽ ഇന്ന് ഇന്ത്യൻ ടീം, ഹോക്കി, ബാഡ് മിന്റൺ പുരുഷ-വനിതാ ഡബിൾസ്, ടെന്നിസ് എന്നിവ ഉൾപ്പെടെ ഇനങ്ങളിൽ മത്സരിക്കും.

10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം യോഗ്യത റൗണ്ടിൽ ഇന്ത്യയുടെ ഇളവേനിൽ വാളറിവാൻ, സന്ദീപ് സിങ് സഖ്യം മത്സരിക്കും. ടെന്നിസ് പുരുഷ വിഭാഗം ഡബിൾസ് ആദ്യ റൗണ്ടിൽ രോഹൻ ബൊപ്പണ്ണയും ശ്രീറാം ബാലാജിയും കളത്തിലിറങ്ങും.

✪✪✪

ഏഷ്യാ കപ്പ് വനിതാ ട്വന്റി- 20 ക്രിക്കറ്റിൽ ഇന്ത്യ- ശ്രീലങ്ക ഫൈനൽ നാളെ. ഇന്നലെ രണ്ടാം സെമിയിൽ പാകിസ്ഥാനെ

മൂന്ന് വിക്കറ്റിന് തോൽപ്പിച്ച് ശ്രീലങ്ക രണ്ടാം ഫൈനലിസ്റ്റുകളായി. പാക്കിസ്ഥാൻ ഉയർത്തിയ 141 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ശ്രീലങ്ക മൂന്ന് വിക്കറ്റും ഒരു പന്തും ശേഷിക്കെ ജേതാക്കളായി.

നാളെ ഉച്ച കഴിഞ്ഞ് മൂന്നിന് ദാംബുളയിലാണ് ഇന്ത്യാ-ശ്രീലങ്കാ ഫൈനൽ പോരാട്ടം.

✪✪✪

മലബാർ റിവർ ഫെസ്റ്റിവലിൽ രാവിലെ പുരുഷ-വനിതാ അമേച്വർ മത്സരങ്ങൾ ചാലിപ്പുഴയിൽ ആരംഭിച്ചു. ഇന്നലെ കയാക്ക് പ്രോ കാറ്റഗറി പുരുഷ വിഭാഗത്തിൽ ന്യൂസിലാൻഡ് താരം ഒന്നാം സ്ഥാനവും, നോർവെ താരം രണ്ടാം സ്ഥാനവും നേടി. എട്ട് രാജ്യങ്ങളിലെ 13 അന്താരാഷ്ട്ര കയാക്കർമാർ ഇത്തവണ മലബാർ റിവർ ഫെസ്റ്റിൽ മത്സരിക്കുന്നുണ്ട്.

സമാപനചടങ്ങ് നാളെ വൈകിട്ട് മന്ത്രി O.R കേളു ഇലന്തുകടവിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ ചിറക്കലിൽ ചെറുശ്ശേരി മ്യൂസിയം നിർമിക്കുന്നതിന് രൂപരേഖ അടുത്തമാസം 15-നകം തയ്യാറാക്കി സമർപ്പിക്കും. മലബാറിലെ പഴക്കമേറിയ ക്ഷേത്രങ്ങളിലൊന്നായ ചിറയ്ക്കൽ കിഴക്കേക്കര മതിലകം ക്ഷേത്രം പൈതൃക സംരക്ഷണ പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഇടപെടൽ നടത്തി വരികയാണെന്നും K.V. സുമേഷ് MLA അറിയിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ..

.............വോയ്സ്...........

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

ഗുജറാത്ത് തീരം മുതൽ വടക്കൻ കേരള തീരം വരെ ന്യൂന മർദ്ദ പാത്തി രൂപപ്പെട്ടു. ഇതിന്റെ സ്വാധീനത്താൽ മധ്യ വടക്കൻ ജില്ലകളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന കോഴിക്കോട് സ്വദേശിയായ കുട്ടി തീവ്രപരിചരണ വിഭാഗത്തിൽ തുടരുന്നു. കുട്ടി മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

✪✪✪

അതിദരിദ്ര കുടുംബങ്ങളിലേക്ക് ഉപജീവനമാർഗങ്ങൾ എത്തിക്കുന്ന കുടുംബശ്രീയുടെ ‘ഉജ്ജീവനം’ പദ്ധതിയ്ക്ക് ഇടുക്കിയിൽ തുടക്കമായി. അതിദരിദ്ര്യ കുടുംബങ്ങളെ കണ്ടെത്തി വ്യക്തിഗത പദ്ധതികൾക്ക് പരമാവധി 50,000 രൂപവരെ സ്റ്റാർട്ട്അപ് ഫണ്ട് പദ്ധതിയിൽ നൽകും.

✪✪✪

കേരളത്തിലെ കോൺഗ്രസിൽ ആശയക്കുഴപ്പങ്ങൾ ഇല്ലെന്നും പാർട്ടിക്കെതിരെ തെറ്റായ വാർത്തകൾ പ്രചരിക്കുകയാണെന്നും AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ ആലപ്പുഴയിൽ പറഞ്ഞു. മാധ്യമങ്ങൾക്ക് വിവരങ്ങൾ ചോർത്തി നൽകുന്നത് തടയാൻ നടപടിയുണ്ടാകും. പ്രതിപക്ഷ നേതാവ് V.D സതീശൻ ഏകപക്ഷീയമായി തീരുമാനം എടുക്കുന്ന ആളല്ലെന്നും K. സുധാകരനും സതീശനും പാർട്ടിക്ക് ഒരുപാട് സംഭാവനകൾ നൽകിയ ആളുകളാണെന്നും അവരുടെ തീരുമാനങ്ങൾ യോജിച്ച് എടുക്കുന്നതാണെന്നും വേണുഗോപാൽ വ്യക്തമാക്കി.

✪✪✪

KSRTC-യുടെ പഞ്ചപാണ്ഡവ ക്ഷേത്ര ദർശനയാത്രയ്ക്ക് നാളെ തുടക്കമാകും. 300 പേർ ആദ്യദിവസത്തെ യാത്ര ബുക്ക് ചെയ്തിട്ടുണ്ട്. ആറന്മുള വള്ള സദ്യയിലും പങ്കെടുത്താകും ഭക്തർ മടങ്ങുക.

കണ്ണൂർ, തൊടുപുഴ, വൈക്കം, നെടുമങ്ങാട്, വെഞ്ഞാറംമൂട്, മാവേലിക്കര എന്നീ ഡിപ്പോകളിൽ നിന്നാണ് സംഘം ആറന്മുളയിലെത്തുക.

✪✪✪

സ്വർണ വില വർധിച്ചു. പവന് 200 രൂപ വർധിച്ച് 50,600 രൂപയായി. 6,325 രൂപയാണ് ഇന്നത്തെ ഗ്രാംവില.

✪✪✪

രാഷ്ട്ര സുരക്ഷയിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് നരേന്ദ്രമോദി ഗവൺമെന്റിന്റെതെന്ന് BJP ദേശീയ നിർവ്വാഹക സമിതിയംഗം P.K കൃഷ്ണദാസ് പറഞ്ഞു. കാർഗിൽ വിജയ് ദിവസിന്റെ ഭാഗമായി യുവമോർച്ച കണ്ണൂർ യുദ്ധ സ്മാരകത്തിൽ സംഘടിപ്പിച്ച അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

മലപ്പുറത്തെ ആനക്കയം, പാണ്ടിക്കാട് പഞ്ചായത്തുകളിലേർപ്പെടുത്തിയ നിപ നിയന്ത്രണങ്ങളിൽ ഇളവു വരുത്തി. ആനക്കയം പഞ്ചായത്തിൽ രാവിലെ ഏഴു മുതൽ വൈകിട്ട് ഏഴു വരെ കടകൾ തുറക്കാം. പാണ്ടിക്കാട് ഇപ്പോഴത്തെ സമയക്രമം തുടരും. രണ്ട് പഞ്ചായത്തുകളിലും ഹോട്ടലുകളിൽ രാത്രി പത്തു വരെ ഹോം ഡെലിവറിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

✪✪✪